അവ്യക്തമായൊരാവരണമുണ്ടായിരുന്നതു് പിന്നീട് പൂർണമായും നഷ്ടപ്പെട്ടു. ആരംഭകാലമുതലാളിത്തം അതിന്റെ എല്ലാ ആഭാസതകളോടും വഷളത്തങ്ങളോടുംകൂടി, ഇന്ത്യയിൽ അരങ്ങേറിയിരിക്കയാണ്. കള്ളനോട്ടടി, കള്ളച്ചാരായംവാററൽ, കരിഞ്ചന്ത മുതലായ തമരിതസമൃദ്ധ ധനാഗമമാർഗങ്ങൾ സർവാദരണീയങ്ങളായി മാറിയിരിക്കുന്നു. രാഷ്ട്രീയരംഗം അക്രമികളുടെയും റൗഡികളുടെയും കൈയിൽ അമർന്നിരിക്കുന്നു. അധികാരം നേടുന്നതിനു് ഉപകരിക്കുമെങ്കിൽ ജാതിവാദം, വർഗവാദം, മതവാദം, പ്രാദേശികവാദം, ഭാഷാവാദം മുതലായ ഒരു സങ്കുചിതവാദവും വർജ്യമല്ലെന്നു വന്നിരിക്കുന്നു. നമ്മുടെ ഇന്നത്തെ പാർലമെൻററി ജനാധിപത്യസമ്പ്രദായം ഈ പ്രത്യേക പരിതഃസ്ഥിതിയിലേക്ക് ഏററവും പററിയ രാഷ്ട്രീയവ്യവസ്ഥയാണെന്നും വ്യക്തമായിരിക്കുന്നു. ഗാന്ധിജി മാത്രമല്ല, ജവാഹർലാൽ നെഹ്റുവും എത്രയോ വിദൂരത്തിലുള്ള ഒരു മങ്ങിയ ഭൂതകാലത്തിലെ നേരിയ സ്മരണകൾ മാത്രമായി മാറിയിരിക്കുന്നു.

ഒരുകാലത്തു വിട്ടുവീഴ്ചയില്ലാത്ത ഒരു ഗാന്ധിയനായി അറിയപ്പെട്ടിരുന്ന ആചാര്യ കൃപാലാനി ഇന്നലെ സായാഹ്നത്തിൽ മാത്രമാണന്തരിച്ചതെന്നു്, ഇപ്പോൾ വിശ്വസിക്കാൻ പ്രയാസം തോന്നുന്നു.

18 ഏപ്രിൽ, 1982

# 95. ആചാര്യ വിനോബാ ഭാവേ

നവംബർ 15-ാം തീയതി ആചാര്യ വിനോബാഭാവേ അന്തരിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിനു് എൺപത്തെട്ടു വയസ്സായിരുന്നു. പത്തു ദിവസം മുമ്പു് അദ്ദേഹത്തിനു ഹൃദ്രോഗബാധയുണ്ടായി. ബോംബെയിൽനിന്നു് വിദഗ്ദ്ധരായ ഡോക്ടർമാർ അദ്ദേഹത്തെ ചികിത്സിക്കാൻ വർദ്ധയിലുടെത്തു് പൗനാർ എന്ന ഗ്രാമത്തിലുള്ള 'പരമധാമം' ആശ്രമത്തിലെത്തിച്ചേർന്നു. അവർ ഗ്ലൂക്കോസ് ഡ്രിപ്പ് കൊടുത്തപ്പോൾ വിനോബാജിയുടെ ശരീരം വിറയ്ക്കാൻ തുടങ്ങി. ജീവിതയാത്ര തുടരുന്നതിനു തന്റെ ശരീരം വിസമ്മതിക്കുകയാണെന്നു് വിനോബാ ഭാവേ കരുതി. അങ്ങനെയാണെങ്കിൽ, പിന്നെ ശരീരത്തെ എന്തിനു നിർബന്ധിക്കണം? കീറിപ്പറിഞ്ഞ വസ്ത്രത്തെ ശരീരം ഉപേക്ഷിക്കുംപോലെ ജരാജർജരമായ ശരീരത്തെ എന്തുകൊണ്ടു് തന്റെ ആത്മാവിനു് ഉപേക്ഷിച്ചുകൂടാ? ആത്മാവു് ഉണ്ടോ എന്നകാര്യത്തിൽ വിനോബാജിക്കു് ഒരു സംശയവുമില്ല. ആത്മാവു് സച്ചിദാനന്ദഘനമാണെന്നും അദ്ദേഹത്തിനറിയാം. ഈ ജീവിതംകൊണ്ടു് അദ്ദേഹത്തിനു് ഇനിയൊന്നും നേടേണ്ടതില്ല. എന്തുകൊണ്ടു് ശരീരത്തെ ഉപേക്ഷിച്ചു് പരമാത്മാവിൽ ലയിച്ചുകൂടാ?

ശരീരത്തെ സ്വേച്ഛയാ ത്യജിക്കാൻ ഉറച്ച വിനോബാജി ഔഷധം മാത്രമല്ല, അന്നവും ജലവുംകൂടി ഉപേക്ഷിച്ചു. ജൈനഭിക്ഷുക്കൾ, ജീവിച്ചു മതിയാവുമ്പോൾ ഇങ്ങനെ പ്രാണൻ ത്യജിക്കാറുണ്ട്. ഇത്തരം മരണത്തെ അവർ 'സല്ലേഖനം' എന്നു വിളിക്കുന്നു. സനാതനധർമപ്രവർത്തകരായ മഹർഷിമാരും ഇങ്ങനെ സ്വച്ഛന്ദമൃത്യു വരിച്ചിരുന്നു. ഭക്ഷണമോ ജലപാനമോ കൂടാതെ മരണത്തെ സ്വാഗതം ചെയ്തു കിടക്കുന്ന ഈ കിടപ്പത്രേ 'പ്രായോപവേശം.' ഇങ്ങനെ 'പ്രായോപവേശം' അനുഷ്ഠിച്ചു മരിച്ച ചിലരെപ്പററി മഹാഭാരതം, രാമായണം മുതലായ ഇതിഹാസങ്ങളിൽ പ്രസ്താവമുണ്ടു്. ഗംഗ മുതലായ പുണ്യനദികളുടെ വക്കിൽ അപൂർവമായിട്ടെ

ങ്കിലും ഇപ്പോഴും ചിലർ 'പ്രായോപവേശം' അനുഷ്ഠിക്കാറുണ്ട്. ഇതു് ആത്മഹത്യയാണോ? ആണെങ്കിൽതന്നെ മനുഷ്യജീവിതത്തിനു് അർത്ഥവും അന്തസ്സും നൽകുന്ന ഒരു മരണമാണിതു് എന്നതിനു സംശയമില്ല. കർപ്പൂരം തീരുമ്പോൾ തീ കെട്ടുംപോലെ ശരീരം നിരുപയോഗമാവുമ്പോൾ ജീവിതം സ്വയം ഒടുങ്ങുന്നു. ഏഴു ദിവസത്തെ പ്രായോപവേശത്തെത്തുടർന്നു് വിനോബാ ഭാവേയുടെ ഐഹികജീവിതം അവസാനിച്ചു.

താരതമ്യേന അപ്രസിദ്ധനായിരുന്ന വിനോബാ ഭാവേ ലോകപത്രങ്ങളുടെ തലക്കെട്ടുകളിൽ കടന്നുകൂടിയതു് 1940–ൽ ഒരു ദിവസം ആണു്. ജർമ്മനിക്കെതിരെ ഇന്ത്യ യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണെന്നു് ഇന്ത്യയിലെ വിദേശീയ സർക്കാർ പ്രഖ്യാപിച്ചിരുന്നു. മഹാത്മാഗാന്ധി ഏതുവിധം യുദ്ധത്തിനും എതിരായിരുന്നു. എന്നാൽ, നാത്സിസത്തിന്റെ വിപത്തുകളെപ്പററി പൂർണധാരണയുണ്ടായിരുന്ന കോൺഗ്രസ് നേതാക്കന്മാർ ബ്രിട്ടന്റെ ഭാഗത്തു ചേർന്നു് ജർമ്മനിയോടു യുദ്ധം ചെയ്യാൻ തയ്യാറായിരുന്നു. പക്ഷേ, അങ്ങനെ സ്വമേധയാ യുദ്ധത്തിലേർപ്പെടുംമുമ്പ്, യുദ്ധാവസാനത്തിൽ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നൽകുന്നതാണെന്നു് ബ്രിട്ടൻ പ്രഖ്യാപിക്കുകയും, ഇന്ത്യയിൽ ജനങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്ന ഒരു ദേശീയസർക്കാർ രൂപവത്ക്കരിക്കുകയും വേണമെന്നു് അവർ ആവശ്യപ്പെട്ടു. ബ്രിട്ടീഷ് ഗവണ്മെൻറ് ഇതിനു സന്നദ്ധരല്ലായിരുന്നു. അതിനാൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ഇന്ത്യയിലെ ബ്രിട്ടീഷ് ഗവണ്മെൻറും തമ്മിൽ ഒരു സംഘട്ടനം അനിവാര്യമായി. ഈ സമരം നയിക്കാൻ കോൺഗ്രസ് ഉററുനോക്കിയതു് കോൺഗ്രസ്സിൽ ഒരു അംഗം കൂടി അല്ലാതിരുന്ന മഹാത്മാഗാന്ധിയുടെ നേരെയാണു്. ഗവണ്മെൻറിനെതിരെ ഒരു ബഹുജനസമരം അഴിച്ചുവിടാൻ പററിയ സമയമാണു് അതെന്നു് ഗാന്ധിജി കരുതിയില്ല. അതേസമയം ഗവണ്മെൻറ് കാട്ടുന്നതെന്തും കണ്ടു് അടങ്ങിയിരിക്കുന്നതു് ശരിയാണെന്നും അദ്ദേഹത്തിനു തോന്നിയില്ല. ഈ സന്ദർഭത്തിലാണു് 'വ്യക്തി സത്യാഗ്രഹം' എന്ന ആശയം മഹാത്മാഗാന്ധി അവതരിപ്പിച്ചതു്. താൻ തിരഞ്ഞെടുക്കുന്ന വ്യക്തികൾ മാത്രം നിർദിഷ്ട സ്ഥലത്തും, സമയത്തും, ഇന്ത്യയിലെ ബ്രിട്ടീഷ് ഗവണ്മെൻറിന്റെ യുദ്ധയത്നങ്ങൾക്കെതിരായ പ്രചാരവേല ചെയ്തു് അറസ്റ്റുവരിക്കുമെന്നു് ഗാന്ധിജി പ്രഖ്യാപിച്ചു. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട ഒന്നാമത്തെ സത്യാഗ്രഹി വിനോബാ ഭാവേ ആയിരുന്നു; ജവാഹർലാൽ നെഹ്റു രണ്ടാമത്തെ സത്യാഗ്രഹിയും.

മഹാരാഷ്ട്രത്തിൽ 'ചിത്പാവൻ' എന്നു വിളിക്കപ്പെടുന്ന ബ്രാഹ്മണരുടെ കുലത്തിൽ 1895–ൽ വിനായക് നരഹരി ഭാവേ പിറന്നു. പത്തു വയസ്സോളം സ്വന്തം ഗ്രാമമായ ഗാഗോഡയിൽ (കൊളാബാ ജില്ല) പാർത്തു. പിന്നീടു് ബറോഡയിൽ പോയി ഹൈസ്കൂൾ വിദ്യാഭ്യാസം നേടി. 1916-ൽ ഇന്റർമീഡിയററ് പരീക്ഷയ്ക്കു് എഴുതുവാൻ ബോംബെയ്ക്കു പോകുംവഴി ഭാവേ സൂറത്തിൽ വണ്ടിയിറങ്ങി; അവിടെനിന്നു നേരെ കാശിയിലേക്കു പോയി. ആ കാലമായപ്പോഴേക്കും അദ്ദേഹത്തിനു ഭൗതികജീവിതത്തിൽ വിരക്തി വന്നിരുന്നു. കാശിയിൽ പാർത്തു് വിനായകൻ സംസ്കൃതഭാഷയും വേദാന്തശാസ്ത്രവും പഠിച്ചു. ഇക്കാലത്തു് മഹാത്മാഗാന്ധി കാശിയിൽ ചെന്നു. ഗാന്ധിജിയിൽ വിനായകൻ തന്റെ ഗുരുവിനെ കണ്ടെത്തി. വിനായകനു് 'വിനോബാ' എന്ന ചുരുക്കപ്പേർ നൽകിയതു് ഗാന്ധിജി ആയിരുന്നു. വിനോബാ, ഗാന്ധിജിയുടെ ആശ്രമത്തിലെ അന്തേവാസികളിൽ ഒരാളായി. ഓരോരുത്തനും തന്റെ നെററിയിലെ വിയർപ്പുകൊണ്ടു് അന്നന്നത്തെ ഭക്ഷണം നേടണമെന്ന നിർബന്ധം ഗാന്ധിജിക്കുണ്ടായിരുന്നു. ആശ്രമത്തിലെ ജോലികൾ ചെയ്തും വായിച്ചും ചിന്തിച്ചും വിനോബാ അവിടെ പാർത്തു. ആശ്രമത്തിൽനിന്നു് ഒന്നും നേടാനല്ല,

എല്ലാം ആശ്രമത്തിലേക്ക കൊടുക്കാനാണ് ഈ ശിഷ്യൻ വന്നിട്ടുള്ളതെന്ന് ഗാന്ധിജി ആദ്യംമുതല്ക്കേ പറയാറുണ്ടായിരുന്നു.

ഗാന്ധിജി വർധയിലേക്ക പാർപ്പുമാററും മുമ്പ് വിനോബാ അവിടെയെത്തി പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ഗാന്ധിജിയുടെ നിർമാണ പരിപാടിയിൽ, പ്രത്യേകിച്ച് ഗോസേവയിലും ഹരിജനോദ്ധാരണത്തിലും ആയിരുന്നു വിനോബയുടെ താല്പര്യം. സ്വാതന്ത്ര്യസമരത്തിലേർപ്പെട്ട് നാലുതവണ ജയിലിലടയ്ക്കപ്പെട്ടുവെങ്കിലും, അദ്ദേഹത്തിനു പാർട്ടിക്കാര്യങ്ങളുമായി ഒരിക്കലും ഒരു ബന്ധവുമുണ്ടായിരുന്നില്ല. ജയിലിൽ കിട്ടിയ വിശ്രമാവസരങ്ങളിൽ അദ്ദേഹം കൂട്ടുകാരെ ഭഗവദ്ഗീത പഠിപ്പിച്ചു. 'ഗീതാപ്രവചനം' എന്ന അദ്ദേഹത്തിന്റെ സുപ്രസിദ്ധ ഗ്രന്ഥം രൂപം കൊണ്ടതു് അങ്ങനെയാണ്. പല ഭാഷകളിലും വിവർത്തനം ചെയ്യപ്പെട്ട 'ഗീതാപ്രവചന'ത്തിനു പുറമേയും പല ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. എല്ലാ മതങ്ങളിലും വിനോബാജിക്കു താല്പര്യമുണ്ടായിരുന്നു; സർവമതസമാനത്വം അദ്ദേഹത്തിന്റെ ഒരു ജീവിതവ്രതവുമായിരുന്നു. പുതിയ ഭാഷകൾ പഠിക്കുകയായിരുന്നു അദ്ദേഹത്തിന്റെ മറെറാരു താല്പര്യം. മലയാളത്തിൽ അദ്ദേഹം കത്തുകൾ എഴുതിയിട്ടുണ്ട്. മാതൃഭൂമി ആഴ്ചപ്പതിപ്പ് അദ്ദേഹത്തിന് മുമ്പ് അയച്ചുകൊടുത്തിരുന്നു. ഇടക്കാലത്തു് അതു് അയയ്ക്കാതായപ്പോൾ, വിനോബാജി ആവശ്യപ്പെട്ടതനുസരിച്ച്, അദ്ദേഹത്തിന്റെ ശിഷ്യനായ ശ്രീ എസ്. വി. ഗോവിന്ദൻ ആഴ്ചപ്പതിപ്പിനുവേണ്ടി എനിക്കെഴുതി. അതു് അദ്ദേഹത്തിന് അയയ്ക്കുവാൻ ഞാൻ നിർദേശിക്കുകയും ചെയ്തു. ആഴ്ചപ്പതിപ്പിലെ ചില ലേഖനങ്ങളെങ്കിലും താൻ മുടങ്ങാതെ വിനോബാജിയെ വായിച്ചുകേൾപ്പിക്കാറുണ്ടെന്ന് ശ്രീ ഗോവിന്ദൻ എന്നെ അറിയിച്ചിരുന്നു. വിനോബാജിയുടെ മമത, പക്ഷേ, മലയാളത്തോടു മാത്രമായിരുന്നില്ല; ഇന്ത്യയിലെ എല്ലാ ഭാഷകളോടുമായിരുന്നു. ഇന്ത്യയിലെ എല്ലാ ഭാഷകളും അവയുടെ സ്വന്തം ലിപികൾക്കു പുറമേ നാഗരീലിപികൂടി ഉപയോഗിച്ചു തുടങ്ങിയാൽ ഈ മഹാരാജ്യത്തിലെ വ്യത്യസ്ത സംസ്ഥാനങ്ങളിലുള്ളവർക്ക് അയൽ സംസ്ഥാനങ്ങളിലെ ഭാഷകൾ മനസ്സിലാക്കുക വളരെ എളുപ്പമായിരിക്കുമെന്ന് വിനോബാജി കരുതി.

മഹാത്മാഗാന്ധിയുടെ മരണത്തിനു ശേഷം അദ്ദേഹത്തിന്റെ രാഷ്ട്രീയ ഉത്തരാധികാരി ജവാഹർലാൽ നെഹ്റുവാണെന്നു കരുതപ്പെട്ടതുപോലെ, ആധ്യാത്മിക ഉത്തരാധികാരി വിനോബാ ഭാവേയാണെന്നും വിശ്വസിക്കപ്പെട്ടു. 1951–ൽ ആന്ധ്രപ്രദേശിലെ തെലുങ്കാനയിൽവെച്ചാണ് വിനോബാ ഭാവേ ഭൂദാനപ്രസ്ഥാനത്തിനു രൂപംനൽകിയതു്. ചൈനയിൽ നടന്നതുപോലെ രക്തപങ്കിലമായ ഒരു വിപ്ലവത്തിലൂടെയല്ലാതെ, സമാധാനപരമായി ഒരു കാർഷികവിപ്ലവം ഇന്ത്യയിൽ ഉളവാക്കുവാനുള്ള ശ്രമമായിരുന്നു ഇതു്. നിലമുടമകൾ തങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ആറിലൊന്നു സ്വമേധയാ നൽകിയാൽ, ഭൂമിയില്ലാത്ത കർഷകർക്ക് എല്ലാം ഏതാനും ഏക്കർ വീതം നിലം പങ്കിട്ടുകൊടുക്കാൻ കഴിയുമെന്ന് വിനോബാജി കരുതി. ഈ ആശയം പ്രചരിപ്പിക്കുന്നതിന് ഇന്ത്യയിലുടനീളം അദ്ദേഹം നടത്തിയ പദയാത്രകൾ ഈ ഭൂഖണ്ഡത്തിലെ ഓരോ കുടിലിലും അദ്ദേഹത്തിന്റെ പേരു് എത്തിച്ചു. ഭൂദാനം പിന്നീടു ഗ്രാമദാനമായും ജില്ലാദാനമായും സ്റ്റേററ് ദാനമായും മററും വികസിച്ചു. വിനോബായുടെ പ്രസ്ഥാനം സൃഷ്ടിച്ച ആവേശത്തെ പര്യാപ്തമായ നിയമം നിർമിച്ച് സ്ഥാപനവല്ക്കരിച്ചിരുന്നെങ്കിൽ, ഒരുപക്ഷേ, ഇന്ത്യയിലെ കാർഷിക പരിഷ്കരണം സമാധാനപരമായി നിർവഹിക്കപ്പെട്ടേനെ. പക്ഷേ, ശുദ്ധാത്മാക്കളോടൊപ്പം കള്ളന്മാരും ഈ പ്രസ്ഥാനത്തിലേക്ക് ഇരച്ചുകയറി; പ്രസ്ഥാനമാകെ പരിഹാസ്യമാംവിധം പരാജയപ്പെടുകയും ചെയ്തു.

ഗോസേവയാണ് വിനോബാജിക്ക താല്പര്യമുണ്ടായിരുന്ന മറെറാരു വിഷയം. ഇന്ത്യയിലാകെ ഗോവധം നിരോധിക്കുന്നതിനു നടത്തിയ പ്രയത്നങ്ങൾ വിഫലങ്ങളായപ്പോൾ, അദ്ദേഹം ഗോവധനിരോധത്തിനായി അനിശ്ചിതകാലത്തേക്ക നിരാഹാരവ്രതം ആരംഭിച്ചു. സഹപ്രവർത്തകരുടെ പ്രേരണ നിമിത്തം ഈ നിരാഹാരവ്രതം പിന്നീടു നിർത്തിവെച്ചു. ബംഗാളും കേരളവുമൊഴികെയുള്ള എല്ലാ ഇന്ത്യൻ സ്റ്റേററുകളും ഇപ്പോൾ കറവുമാടുകളെ കൊല്ലുന്നതു നിയമംമൂലം തടഞ്ഞിട്ടുണ്ട്. ജനപ്പെരുപ്പവും ഭക്ഷണ ക്ഷാമവുമുള്ള ഇന്ത്യയിൽ പ്രായമെത്തിയ പശുക്കളെ തീററി കൊടുത്തു പുലർത്തുക സാധ്യമാവുമോ എന്ന പ്രശ്നത്തിനു സർവസമ്മതമായ ഒരു ഉത്തരം ഇല്ല. എങ്കിലും നഗരങ്ങളിലെ നല്ല പശുക്കളിൽ പലതും കാലമെത്തും മുമ്പ് കത്തിക്കിരയാകുന്നുണ്ടെന്നതിലും, നമ്മുടെ ഗോധനത്തിൻെറ ക്ഷയത്തിന് ഈ വിവേചനരഹിതമായ ഗോഹത്യ ഒരു കാരണമാണെന്നതിലും സംശയമില്ല.

സർവമതസമാനതയിൽ വിശ്വസിച്ചിരുന്ന വിനോബാജി, ക്രൈസ്തവർക്കും മുസ്ലിങ്ങൾക്കും പ്രവേശമനുവദിക്കാത്ത ക്ഷേത്രങ്ങൾ സന്ദർശിച്ചിരുന്നില്ല. ബീഹാറിലെ ദേവഘറിലുള്ള വൈദ്യനാഥ ക്ഷേത്രത്തിൽ അന്യമതക്കാരായ സുഹൃത്തുക്കളോടൊപ്പം കടക്കാൻ ശ്രമിച്ചതിന് 1953-ൽ അദ്ദേഹം മർദനമേല്ക്കുകയുണ്ടായി. അന്യമതക്കാർക്ക പ്രവേശനമില്ലാത്ത ഗുരുവായൂർ ക്ഷേത്രത്തിൽ കടക്കാൻ 1957-ൽ അദ്ദേഹം വിസമ്മതിക്കുകയാണുണ്ടായതു്.

മധ്യപ്രദേശത്തിലെ ചംബൽ നദീതീരത്തിലുള്ള വനങ്ങളിൽ പാർത്തു കവർച്ചയും കൊലയും നടത്തിപ്പോന്ന കുപ്രസിദ്ധരായ പല കൊള്ളക്കാരും വിനോബാജിയുടെ ഉപദേശം കേട്ട് മനസ്സു മാറി, ആയുധംവെച്ച്, സർക്കാരിനു കീഴടങ്ങുകയുണ്ടായി. എന്നാൽ, തിരഞ്ഞെടുപ്പിൽ ബൂത്തുകൾ പിടിച്ചടക്കുന്നതിനും ജനങ്ങളെ ഭീഷണിപ്പെടുത്തി വോട്ടുചെയ്യിക്കുന്നതിനും സ്വകാര്യവൈരങ്ങൾ തീർക്കുന്നതിനും മററുംവേണ്ടി നമ്മുടെ രാഷ്ട്രീയപ്പാർട്ടികൾ പില്ക്കാലത്തു് കൊള്ളക്കാരെ അകമഴിഞ്ഞു പ്രോത്സാഹിപ്പിക്കുകയാണു ചെയ്തതു്. ഇതിൻഫലമായി കൊള്ളക്കാർ ഇപ്പോൾ ചംബൽ താഴ്‌വരയിൽനിന്ന് ഉത്തരേന്ത്യയിലാകെയും, ദക്ഷിണേന്ത്യയിൽ ആന്ധ്രപ്രദേശ്‌വരെയും പരന്നുകഴിഞ്ഞിട്ടുണ്ട്.

താൻ ഏതിലെല്ലാം വിശ്വസിക്കുകയും ഏതിനെല്ലാംവേണ്ടി ജീവകാലമത്രയും അധ്വാനിക്കുകയും ചെയ്തുവന്നുവോ, ആ ആദർശങ്ങളുടെ ഈ ത്വരിതമായ തകർച്ച വിനോബാഭാവേയിൽ എന്തു പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചതു്? 'വിനോബാജി ഒരു രാഷ്ട്രീയപ്രവർത്തകനല്ല; അദ്ദേഹം ഒരു സന്ന്യാസിയാണ്' എന്ന് ജയപ്രകാശ് നാരായൺ പറഞ്ഞിട്ടുണ്ട്. പക്ഷേ സന്ന്യാസിമാർക്കും ഉണ്ടാവില്ലേ ആശാഭംഗം? ആശാഭംഗം നിമിത്തമോ, എന്തോ, 1974 ഡിസംബർമുതൽ ഒരു കൊല്ലത്തേക്ക് വിനോബാജി, മൗനവ്രതം കൈക്കൊണ്ടു; 1975 മുതൽ എഴുത്തു നിറുത്തി. ക്രമേണ ബാഹ്യമായ പ്രവർത്തനവും കൈവെടിഞ്ഞു; 'സൂക്ഷ്മകർമയോഗ' ഘട്ടത്തിലേക്ക് (ഇതു് എന്തോ?) കടന്നു. അവസാനം സൂക്ഷ്മമായ കർമംപോലും വെടിഞ്ഞു് ജീവന്മുക്തനായിത്തീരുകയും ചെയ്തു. ഒടുവിലിതാ, ഇപ്പോൾ സ്വന്തം ദൃഢനിശ്ചയപ്രകാരം അന്നപാനങ്ങൾ വെടിഞ്ഞ് ഭൗതികശരീരം ത്യജിക്കുകയും ചെയ്തു.

ഇന്ത്യയുടെ സാമൂഹ്യ അചേതനമനസ്സിലുള്ള ധീരനായകസ്വരൂപം ഋഷിയുടേതാണെന്നു പലരും പറഞ്ഞിട്ടുണ്ട്. ബുദ്ധൻ, മഹാവീരൻ മുതലായവർതൊട്ട് പരമഹംസനും വിവേകാനന്ദനും ഗാന്ധിയുംവരെ നീണ്ട ആ പരമ്പരയിലാണ് വിനോബാജിയുടെ സ്ഥാനം.

ഗ്രാമീണ ഭാരതം ' വിനോബാജിയുടെ ആശയങ്ങൾ സ്വീകരിക്കുകയില്ലായിരിക്കാം; പക്ഷേ, ഗ്രാമീണഭാരതത്തിൽ വിനോബാജി ഇനിയും വളരെ കാലത്തോളം ആരാധിക്കപ്പെടുമെന്നതിൽ സംശയമില്ല.

19 ഡിസംബർ, 1982

# 96. ഡാർവിൻ

മനുഷ്യചിന്തയിൽ മൗലികമായ ഒരു വിപ്ലവം വരുത്തിയ ചാർലസ് ഡാർവിൻ മരിച്ചത് 1882 ഏപ്രിലിലാണ്. ഈ വരുന്ന ഏപ്രിൽ മാസത്തിൽ ഡാർവിന്റെ മരണശതാബ്ദി ലോകത്തിൽ പലേടത്തും ആഘോഷിക്കപ്പെടും.

പ്രപഞ്ചോല്പത്തിയെപ്പററി ബൈബിളിലെ 'പഴയനിയമ'ത്തിന്റെ പ്രാരംഭത്തിലുള്ള പ്രതിപാദനം ജൂതരും ക്രിസ്ത്യാനികളും മുസ്ലിങ്ങളും വിശ്വാസപ്രമാണമായി അംഗീകരിച്ചിരുന്നു. ഇന്നു കാണുന്ന രീതിയിലുള്ള പുല്ലുകളും വിത്തുള്ള സസ്യങ്ങളും, അതതുതരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും ഭൂമിയിൽ മുളച്ചുവരട്ടെ എന്നു ദൈവം കല്പിച്ചു. അങ്ങനെ സംഭവിച്ചു. അതതുതരം ജീവജന്തുക്കളെയും അതതുതരം പറവജാതികളെയും അതതുതരം കന്നുകാലി, ഇഴജാതി, കാട്ടുമൃഗം ഇവയെയും ദൈവം ഉണ്ടാക്കി. ഒടുവിൽ തന്റെ സ്വരൂപത്തിൽ ആണും പെണ്ണുമായി മനുഷ്യരെയും സൃഷ്ടിച്ചു. ഇതൊക്കെ നടന്നത് ഏതാണ്ട് പതിനായിരം വർഷങ്ങൾക്കു മുമ്പാണ്. ഇതാണ് ബൈബിളിൽ വിവരിക്കുന്ന പ്രപഞ്ചസൃഷ്ടിക്രമം.

1859-ൽ പ്രസിദ്ധീകരിച്ച 'ഒറിജിൻ ഓഫ് സ്പീഷീസ്' എന്ന ഡാർവിന്റെ ഗ്രന്ഥം ശാസ്ത്രീയമായ മറെറാരു പ്രപഞ്ചസൃഷ്ടിക്രമം അനാവരണം ചെയ്തുകാണിച്ചു. പല തലമുറകളായി പാണ്ഡിത്യത്തിനു പേരെടുത്ത ഒരു കുടുംബത്തിൽ പിറന്ന്, കേംബ്രിജ് സർവകലാശാലയിൽ പഠിപ്പു പൂർത്തിയാക്കിയ ഡാർവിൻ 'ബീഗിൾ' എന്ന ഒരു കപ്പലിൽ ഒരു ലോകപര്യടനം നടത്തി. പ്രകൃതിയെ നിരീക്ഷിക്കുകയും പഴയ അസ്ഥ്യവശിഷ്ടങ്ങൾ ശേഖരിക്കുകയുമാണ് ഈ യാത്രയിൽ അദ്ദേഹം ചെയ്തത്. മണ്ണിനടിയിൽ പല അടരുകളിലായി അടിഞ്ഞുകിടന്ന്, കാലപ്പഴക്കത്തിൽ പാറകളായി മാറിയ ഈ ഫോസ്സിലുകൾ (ജീവാശ്മങ്ങൾ) ഒന്നിനു പിറകേ ഒന്നായി അടുക്കിവെച്ചു പരിശോധിച്ചപ്പോൾ ഡാർവിൻ അത്ഭുതാവഹമായ ഒരു വസ്തുത കണ്ടുപിടിച്ചു. നാം ഇന്നു കാണുന്ന മിക്ക സസ്യങ്ങൾക്കും ജീവികൾക്കും മുമ്പ് ഇതേ രൂപമല്ല ഉണ്ടായിരുന്നത്. കാലം ചെല്ലുംതോറും ഇവയുടെ ആകൃതി പരിണാമവിധേയമായിക്കൊണ്ടിരുന്നു. തന്റെ മുമ്പിലുള്ള തെളിവുകൾ നിരത്തിവെച്ചും, ധാരാളം വായിച്ചും, ചിന്തിച്ചും, ഈ പരിണാമത്തിനുള്ള കാരണം എന്തെന്ന് ഡാർവിൻ പ്രസ്താവിച്ചു. ഒരേതരം ജീവികളും സസ്യങ്ങളുംതന്നെ എല്ലാം ഒരുപോലെയല്ല. അവയിൽ ചിലതിനു പെട്ടെന്നു ചില മാററങ്ങൾ (മ്യൂട്ടേഷൻ, ഉത്പരിവർത്തനം) വന്നുചേരുന്നു. ഈ മാററങ്ങളിൽ ചിലത് ക്ഷേണം നേടുന്നതിനും ജീവൻ നിലനിറുത്തുന്നതിനും പുനരുല്പാദനത്തിനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നവയായിരിക്കും. ഇത്തരം മാററങ്ങളുള്ള ജീവികളും സസ്യങ്ങളും ജീവിതമത്സരത്തിൽ വിജയിക്കുന്നു; ഇത്തരം മാററം കൈവരാത്തവ ക്രമേണ മുടിഞ്ഞുപോകുന്നു. 'പ്രകൃതിനിർധാരണം' (നാച്ചുറൽ സിലക്ഷൻ) എന്ന പേരിൽ അറിയപ്പെടുന്ന ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ, താൻ ശേഖരിച്ച ജീവാശ്മങ്ങളെ വ്യാഖ്യാനിക്കുവാനും, ഭൂമിയിൽ